പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3086** **23.03. 2015-** ലെ മറുപടി

**പ്രവാസികൾക്ക് വായ്പ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസികൾക്ക്, നോർക്ക മുഖേന അപേക്ഷ സ്വീകരിച്ച് ബാങ്ക് വായ്പയിലൂടെ ടാക്സി വാഹനങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവോ; | (എ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതിയിൽ തിരിച്ച് വന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ടാക്സി വാഹനങ്ങൾ വാങ്ങുന്നതിനും ബാങ്ക് വായ്പ ലഭിക്കും. |
| (ബി) എങ്കിൽ പ്രസ്തുത വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ബാങ്കുകൾ ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രവാസികളുടെ ബാങ്ക് നിക്ഷേപത്തിന് നൽകുന്ന പലിശ നിരക്കാണോ പ്രവാസികളുടെ വായ്പകൾക്കും നൽകുന്നത് എന്ന് വ്യക്തമാക്കുമോ;<br><br>(ഡി) പ്രവാസികൾക്ക് പലിശ രഹിതമോ കുറഞ്ഞ നിരക്കിലോ ഉള്ള വായ്പ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി, സി & ഡി) നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ബാങ്കുകൾ വായ്പ നൽകുന്നത്. പ്രസ്തുത വായ്പ തവണകളിൽ മുടക്കം വരാതെ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി തുകയുടെ 15 ശതമാനം 'ബാക്ക് എൻഡ്' സബ്സിഡിയായി നൽകുന്നു. പലിശ നിരക്കിൽ നിന്നും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും സർക്കാർ നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ